യോഹ 5:19 - 29

ഫെബ്രുവരി 04: ആനിദെ ഞായർ

ഭാഷ്യം

I. സന്ദർഭം

അടയാളങ്ങളുടെ പുസ്തകം (യോഹ 1:19-12:50) യേശുവിന്റെ അടയാളങ്ങളാലും യേശുവിനെതിരെയുള്ള യഹൂദരുടെ സമ്മിശ്ര പ്രതികരണങ്ങളാലും നിറഞ്ഞുനിൽക്കുന്ന അധ്യായങ്ങളാണ്. ആദ്യ അടയാളത്തിനുശേഷം ആരംഭിക്കുന്ന ശത്രുത തുടർന്നുള്ള അടയാളങ്ങൾക്കുശേഷം ക്രമാതീതമായി വർദ്ധിക്കുന്നു. ബേത്സയ്ദായിലെ അടയാളത്തിനുശേഷം അത് പൂർവ്വാധികം ശക്തി പ്രാപിക്കുന്നു.

II. പ്രമേയം

യഹൂദരും യേശുവും തമ്മിലുള്ള സംവാദ പ്രഭാഷണം 5: 19 - 29 ശക്തി പ്രാപിക്കുന്നതിനു കാരണം യേശു യഹൂദ സമുദായത്തിൽ നടത്തുന്ന ചില പുനഃസ്ഥാപനങ്ങളാണ്. സാബത്ത്, പെസഹ തിരുനാൾ, കൂടാര തിരുനാൾ, പ്രതിഷ്ഠാ തിരുനാൾ തുടങ്ങിയ പഴയനിയമ തിരുനാളുകളെയും യഹൂദ പ്രബോധനങ്ങളെയും പുനർവായിക്കുകയും തിരുത്തുകയും ചെയ്യുന്നതാണ് സുവിശേഷ പ്രമേയം. അങ്ങനെയുള്ള രണ്ടു പുനഃസ്ഥാപിക്കലുകൾ ഇന്നത്തെ സുവിശേഷ ഭാഗത്ത് ഒന്നാമതായി, 'ദൈവത്തെ പിതാവെ' എന്നു വിളിക്കുന്നു (5: 19). രണ്ടാമതായി, പിതാവിന്റെ പ്രവർത്തികളിൽ പുത്രൻ പങ്കുചേരുന്നു (5:20). ഇതു രണ്ടും യഹൂദരുടെ പരമ്പരാഗതമായ പ്രബോധനങ്ങൾക്കെതിരായി മാറുന്നു.

III. സന്ദേശം

1. പിതാവും പുത്രനും തമ്മിലുള്ള അഭേദ്യമായ ബന്ധം സുവ്യക്തമായി അവതരിപ്പിക്കുന്ന ഭാഗമാണ് ഇത്. 5: 19- 30 വരെയുള്ള വാക്യങ്ങളിൽ 'പുത്രൻ' എന്ന വാക്കു പത്തു പ്രാവശ്യവും 'പിതാവ്' എന്ന വാക്ക് 7 പ്രാവശ്യവും ഉപയോഗിച്ചിരിക്കുന്നത് ഇതിന് ഉദാഹരണമാണ്.

2. പിതാവിന്റെ പ്രവർത്തികളിൽ പൂർണ്ണമായും പങ്കുചേരുന്ന പുത്രനാണ്

താൻ എന്നു സൂചിപ്പിക്കുന്നതിനായി സ്വന്തം അത്ഭുതങ്ങളെ പ്രവർത്തി എന്ന വാക്കു സൂചിപ്പിക്കുന്നു. ദൈവത്തിന്റെ ദൈവത്വം തന്നെയാണ് തന്റെയും എന്ന് ഇതിനാൽ ഈശോ സൂചിപ്പിക്കുന്നു.

3. ജീവൻ നൽകുന്ന പിതാവിന്റെ പ്രവർത്തിയിൽ പുത്രൻ പങ്കുചേരുന്നു. പാപം ദൈവിക ജീവൻ ഇല്ലാത്ത അവസ്ഥയാണ്. ദൈവിക ജീവൻ സമൃദ്ധമായി ഉണ്ടാകണമെങ്കിൽ വിശ്വാസം സജീവമാകണം. വിശ്വാസത്തിൽ വളരണമെങ്കിൽ പാപസാഹചര്യങ്ങളിൽ നിന്നു മാറണം. വിശ്വാസമില്ലായ്മ സ്നേഹമില്ലായ്മയായി മാറുന്നു. സ്നേഹമില്ലായ്മ, വിശ്വാസമില്ലായ്മയിലേക്കും ജീവനില്ലാത്ത അവസ്ഥയിലേക്കും ഒരുവനെ നയിക്കുന്നു. ജീവൻ നൽകാനും അത് സമൃദ്ധമായി നൽകാനുമാണ് യേശു വന്നിരിക്കുന്നത് എന്ന് സുവ്യക്തം.

4. ദൈവം പുത്രനെ ഏൽപ്പിച്ചിരിക്കുന്ന മറ്റൊരു പ്രവർത്തിയാണ് വിധിക്കുക എന്നത്. 'ക്രീസിസ്' എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം വേർതിരിക്കുക എന്നതാണ്. ജീവനിലേക്കും രക്ഷയിലേക്കുമുള്ള അല്ലെങ്കിൽ മരണത്തിലേക്കും ശിക്ഷയിലേക്കുമുള്ള വേർതിരിക്കലാണ് പുത്രൻ നടത്തുന്നത്. ഈശോയുടെ വിധിനിർണ്ണയത്തിന്റെ പ്രത്യേകത നീതിപൂർവ്വമായ വിധിയാണ് എന്നതാണ് (5:30).

ഫാ.ഗീവർഗീസ് കൈതവന

പ്രസംഗം

മരണം നിത്യതയുടെ വാതായനം

ഇന്ന് ആനിദെ ഞായർ ആണ്. വിശ്വാസത്തിൽ ജീവിച്ച് ദൈവസന്നിധിയിലേക്ക് മടങ്ങിപ്പോയ എല്ലാ പരേതാത്മക്കളെയും സഭ പ്രാർത്ഥനയിൽ പ്രത്യേകമായി ഓർക്കുന്ന ദിവസമാണിന്ന്. പ്രാർത്ഥനയുടെ വിഷയം മനുഷ്യന്റെ നശ്വരതയും ബലഹീനതയും ദൈവത്തിന്റെ കൃപയും കരുണയുമാണ്. അതുകൊണ്ടാണ് നാം മരിച്ചവർക്ക് വേണ്ടിയുള്ള ധൂപ പ്രാർത്ഥനയിലെ ഗീതത്തിൽ ഇപ്രകാരം പാടുന്നത്:

മക്കളിലപ്പൻ കൃപ ചെയ്വതുപോലെ
ഹാലേലൂയ്യാ- ഉ- ഹാലേലൂയ്യാ
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും (സങ്കീ 103:13).
പുല്ലിനുതുല്യം നരനുടെ നാളുകളഹോ
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ (സങ്കീ 103:15).

ബലഹീനനായ മനുഷ്യൻ നിത്യരക്ഷയ്ക്കുവേണ്ടി ദൈവത്തിന്റെ കരുണയിൽ എത്രമാത്രം ആശ്രയിക്കണമെന്ന് സങ്കീർത്തകനോടുചേർന്ന് നാമും

പാടുന്നു:

"നമ്മുടെ പാപങ്ങൾക്കൊത്ത് കർത്താവ് നമ്മെ ശിക്ഷിക്കുന്നില്ല; നമ്മുടെ അകൃത്യങ്ങൾക്കൊത്ത് നമ്മോടു പകരം ചെയ്യുന്നില്ല. ഭൂമിക്കുമേൽ ഉയർന്നിരിക്കുന്ന ആകാശത്തോളം ഉന്നതമാണ് തന്റെ ഭക്തരോട് അവിടുന്ന് കാണിക്കുന്ന കാരുണ്യം. കിഴക്കും പടിഞ്ഞാറും തമ്മിലുള്ള അകലത്തിൽ നമ്മുടെ പാപങ്ങളെ അവിടുന്ന് നമ്മിൽനിന്ന് അകറ്റി നിർത്തി. പിതാവിന് മക്കളോടൊന്നപോലെ കർത്താവിനു തന്റെ ഭക്തരോട് അലിവുതോന്നുന്നു. എന്തിൽനിന്നാണ് നമ്മെ മെനഞ്ഞെടുത്തതെന്ന് അവിടുന്ന് അറിയുന്നു; നാം ധൂളിയാണെന്ന് അവിടുന്ന് ഓർമ്മിക്കുന്നു.

മനുഷ്യന്റെ ജീവിതം പുല്ലുപോലെയാണ്; വയലിലെ പൂപോലെ അതു വിരിയുന്നു. എന്നാൽ, കാറ്റടിക്കുമ്പോൾ അത് കൊഴിഞ്ഞുപോകുന്നു; അതു നിന്നിരുന്ന ഇടംപോലും അതിനെ ഓർമ്മിക്കുന്നില്ല. എന്നാൽ കർത്താവിന്റെ കാരുണ്യം തന്റെ ഭക്തരുടെമേൽ എന്നേക്കും ഉണ്ടായിരിക്കും; അവിടുത്തെ നീതി തലമുറകളോളം നിലനിൽക്കും" (സങ്കീ 103:10-17).

ഓരോ പ്രാവശ്യവും നമ്മുടെ പരേതരായ പ്രിയപ്പെട്ടവരെ ഓർത്ത് 'മക്കളിലപ്പൻ കൃപ ചെയ്തതുപോലെ..." എന്ന പാട്ടുപാടുമ്പോൾ അവരെ ദൈവത്തിന്റെ അനന്തമായ കരുണയുടെ മുമ്പിൽ നാം പ്രതിഷ്ഠിക്കുകയാണ്. മനുഷ്യജീവിതം വയലിലെ പുല്ലുപോലെ നൈമിഷികമെങ്കിലും നിത്യജീവന് മനുഷ്യൻ അവകാശിയാണ്. യേശു പറയുന്നു: "എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവനു ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു" (യോഹ 5:24).

മനുഷ്യന്റെ നശ്വരതയും ബലഹീനതയും ഒരുവശത്ത്, നിത്യജീവന് അവകാശിയാകാനുള്ള അവന്റെ സാധ്യത മറുവശത്ത്. ഇതിന് രണ്ടിനും മധ്യേയാണ് ദൈവത്തിന്റെ കരുണയുടെയും കൃപയുടെയും ആവശ്യകത കടന്നുവരുന്നത്. മനുഷ്യനെ നിത്യജീവനിലേക്കു നയിക്കാൻ ദൈവം തന്നെ മാംസം ധരിക്കുന്നത് ദൈവത്തിന്റെ കരുണയുടെ ഏറ്റവും വലിയ പ്രകടനമാണ്. ദൈവം കരുണയുടെ കടലായതുകൊണ്ടുമാത്രമാണ് മനുഷ്യന്റെ പരിമിതികളിലേക്ക് ദൈവം മാംസം ധരിക്കുന്നത്. ദൈവത്തിന്റെ കരുണ മാംസം ധരിച്ച പുത്രനിലൂടെ വെളിപ്പെട്ട നിത്യജീവനിൽ പങ്കുകാരാകുന്നവരെല്ലാം 'മരണത്തിൽ നിന്നു ജീവനിലേക്കു കടന്നിരിക്കുന്നു.'

വിശ്വാസത്തിൽ ജീവിച്ച് മടങ്ങിപ്പോയ നമ്മുടെ പ്രിയപ്പെട്ട പരേതരെല്ലാം ജീവിച്ചിരുന്നപ്പോൾ ദൈവത്തിന്റെ കരുണ ആവോളം അനുഭവിച്ചവരാണ്. അതുവഴി തങ്ങളുടെ ബലഹീന മനുഷ്യപ്രകൃതിയെ അതിജീവിക്കാൻ അവർക്ക് സാധിച്ചു. അവൻ മരണത്തിൽനിന്നും ജീവനിലേക്കു കടന്നു. 'മരണത്തിൽ നിന്നു ജീവനിലേക്ക് കടന്നത്' ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾതന്നെ

യാണ്; മരണശേഷവും ആ ജീവന്റെ അവസ്ഥ തുടരുന്നു. മരണശേഷവും ദൈവത്തിന്റെ കരുണ അവരുടെ ആത്മാക്കളെ പിന്തുടരാനായി നമ്മുടെ പ്രാർത്ഥനകൾ നാം സമർപ്പിക്കുന്നു. ജീവിച്ചിരിക്കുന്ന നമുക്ക് 'പരേതാത്മക്കാളുടെ ഓർമ്മ' ഒരു വലിയ സന്ദേശം നൽകുന്നുണ്ട്.

ഒന്നാമതായി, മനുഷ്യന്റെ ബലഹീന പ്രകൃതിയെ അതിജീവിക്കുന്ന ദൈവത്തിന്റെ കരുണയിലുള്ള നമ്മുടെ ആശ്രയമാണ്. ഈ ആശ്രയം അടിമത്തമല്ല, അടുത്തിരിക്കുമ്പോൾ നമുക്ക് ലഭിക്കുന്ന പ്രത്യാശയുടെ ആത്മധൈര്യമാണ്. ദൈവത്തോട് അടുത്തിരിക്കുമ്പോൾ നമ്മുടെ കുറവുകളും ബലഹീനതകളും പരിമിതികളും നിത്യജീവനിലേക്കുള്ള നമ്മുടെ വളർച്ചയുടെ സാധ്യതകളായി രൂപാന്തരപ്പെടുന്ന അനുഭവമാണ് നമുക്കുണ്ടാകുന്നത്. യേശു തന്നെ പറയുന്നുണ്ട്: "ഇന്നുള്ളതും നാളെ അടുപ്പിൽ എറിയപ്പെടുന്നതുമായ പുല്ലിനെ ദൈവം ഇപ്രകാരം അലങ്കരിക്കുന്നെങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ അവിടുന്ന് എത്ര അധികം അലങ്കരിക്കുകയില്ല!" (മത്താ 6:30). ദൈവം തന്റെ ഛായയും സാദൃശ്യവുംകൊണ്ട് നമ്മെ അലങ്കരിച്ചിരിക്കുകയാണ്. പാപത്തിന്റെ പുകമറ ഈ അലങ്കാരത്തെ അലങ്കോലപ്പെടുത്തുന്നുണ്ടെങ്കിലും ദൈവത്തിന്റെ കരുണ നമുക്കുവേണ്ടി പ്രത്യാശയുടെ വാതിൽ തുറന്നിട്ടിരിക്കുന്നു. ഈ കരുണയാണ് നാം ദൈവപുത്രനായ യേശുവിലൂടെ അനുഭവിക്കുന്നത്. ദൈവത്തിന്റെ നിസ്സീമമായ കരുണ അവനിലൂടെ അനുഭവിച്ച അനേകർ മരണത്തിൽനിന്ന് ജീവനിലേക്കു കടന്നു. മരണത്തിലേക്ക് നടന്നുപോയ നഷ്ടപ്പെട്ട ആടും നശിച്ചുപോയ ധൂർത്തപുത്രനും വലിച്ചെറിയപ്പെട്ട വേശ്യയും അകറ്റിനിർത്തപ്പെട്ട കുഷ്ഠരോഗിയും അകന്നുപോയ ശിഷ്യരുമെല്ലാം ദൈവപുത്രനായ യേശുവിലൂടെ ദൈവത്തിന്റെ കാരുണ്യം നുകർന്ന് ജീവനിലേക്ക് തിരിച്ചുവന്നു. മനുഷ്യന്റെ ബലഹീന പ്രകൃതിയെ പാപത്തിന്റെ മരണത്തിന് വിട്ടുകൊടുക്കാൻ അനുവദിക്കാത്ത ഒരു ദൈവം. ഈ ദൈവത്തിലുള്ള ആശ്രയം അനുഭവിച്ചറിഞ്ഞ സങ്കീർത്തകൻ പാടുന്നു: "മരണത്തിന്റെ നിഴൽവീണ താഴ്വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും, അവിടുന്നു കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല" (സങ്കീ 23:4 മ). ഈ പ്രത്യാശയിൽ, ദൈവാശ്രയത്തിൽ ഈ ലോകത്തിൽ ജീവിച്ച് ദൈവത്തോടൊത്തുള്ള നിത്യജീവനിലേക്ക് മടങ്ങിപ്പോയ പരേതരെയാണ് നാം ഇന്ന് ഓർക്കുന്നത്. ഈ പ്രത്യാശയും ദൈവാശ്രയവും മരണകരമായ അവസ്ഥയിൽനിന്ന് ജീവനിലേക്കു കടക്കാൻ നമ്മെയും സഹായിക്കുന്നു.

രണ്ടാമതായി, 'പരേതാത്മാക്കളുടെ ഓർമ്മ' ആചരിക്കുന്നതിലൂടെ സഭ നമുക്ക് നൽകുന്നത് ജീവന്റെ സുവിശേഷത്തിലേക്കുള്ള ആഹ്വാനമാണ്. വിശ്വാസത്തിൽ മടങ്ങിപ്പോയ പരേതാത്മാക്കൾ അനുഭവിക്കുന്നതും പ്രാർത്ഥനയിലൂടെ അവർക്ക് ആശംസിക്കുന്നതുമായ നിത്യജീവൻ യേശുവിന്റെ സുവിശേഷ മൂല്യങ്ങളിലുള്ള ജീവിതത്തിന്റെ തുടർച്ചയാണ്. മരണശേഷം

മാത്രം അനുഭവിക്കുന്ന ഒന്നല്ല ജീവന്റെ സമൃദ്ധി. അത് ഇഹലോകത്തിൽ തുടങ്ങി പരലോകത്തിലെ നിത്യജീവന്റെ പൂർണ്ണതയിൽ എത്തിച്ചേരേണ്ട ഒന്നാണ്. അതുകൊണ്ടാണ് "ദൈവരാജ്യം നിങ്ങളുടെ ഇടയിൽത്തന്നെയുണ്ട്" (ലൂക്കാ 17:216) എന്ന് യേശു പറയുന്നത്. "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ 10:10) എന്ന് മറ്റൊരു സന്ദ ർഭത്തിൽ ഈശോ പറയുന്നു. ഇന്നു നാം വായിച്ചുകേട്ട യോഹന്നാൻ എഴുതിയ സുവിശേഷം 5-ാം അദ്ധ്യായം 19-29 വരെയുള്ള വാകൃങ്ങളിൽ, 8 പ്രാവശ്യമാണ് 'ജീവൻ' എന്ന വാക്കുപയോഗിച്ചിരിക്കുന്നത്. മരണാനന്തര ജീവിതത്തെപ്പറ്റി പറയുന്ന ഈ വേദഭാഗത്ത് മരണത്തേക്കാൾ കൂടുതൽ 'ജീവൻ' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്.

'ജീവൻ നൽകുന്നു', 'ജീവനുണ്ട്', 'ജീവനിലേക്കു കടന്നിരിക്കുന്നു,' 'ജീവിക്കും', 'ജീവനുണ്ടാകാൻ', 'ജീവന്റെ ഉയിർപ്പ്'... എന്നിങ്ങനെ പല പ്രയോഗങ്ങളിലൂടെയാണ് ഈ വേദ ഭാഗത്ത് യേശു ജീവന്റെ മഹത്വത്തെ പ്രഘോഷിക്കുന്നത്. ഇതെല്ലാം കാണിക്കുന്നത് മരണം മറ്റൊരു ജീവനിലേക്കുള്ള കവാടം മാത്രമാണ് എന്നാണ്. യേശുവിന്റെ ഉയിർപ്പും നമുക്കു നൽകുന്ന സന്ദേശം അതുതന്നെയാണ്. ജീവന്റെ സമൃദ്ധി ആഘോഷിക്കുന്നതാണ് ക്രൈസ്തവ ജീവിതം- പാപമോ, രോഗമോ, വേദനയോ, നഷ്ടമോ, പീഡനമോ ഒന്നിനും നമ്മെ മരണത്തിന്റെ അവസ്ഥയിലേക്ക് തള്ളിയിടാൻ കഴിയാത്ത ജീവന്റെ സമൃദ്ധി! ഈ ജീവന്റെ സമൃദ്ധി ആസ്വദിച്ചവരാണ് ആദിമക്രൈസ്തവരും, സഭയിലെ വിശുദ്ധരും. എന്തിനേറെ, പരേതരായ നമ്മുടെ മാതാപിതാക്കളും പ്രിയപ്പെട്ടവരുമെല്ലാം അവരുടെ വിശ്വാസജീവിതത്തിൽ ഈ ജീവന്റെ സമൃദ്ധിയിൽ പങ്കുപറ്റി. അതിന്റെ ജീവിക്കുന്ന ഉദാഹരണമാണ് അവർ നമുക്ക് നൽകിയ നമ്മുടെ വിശ്വാസ ജീവിതം. നന്ദിയോടുകൂടി നമുക്ക് അവരെ ഓർക്കാം. വിശ്വാസജീവിതത്തിലധിഷ്ഠിതമായ ജീവന്റെ സമൃദ്ധി ആഘോഷിക്കുന്നതാകട്ടെ നമ്മുടെ ക്രൈസ്തവ ജീവിതം.

ഡോ. ജോർജ്ജ് അയ്യനേത്ത് ഒഐഎസി